പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 965 **14-10-2026-ൽ മറുപടിയ്ക്ക്**

പട്ടാമ്പി റവന്യൂ ടവർ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് മുഹസിൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നിർമ്മാണ ചുമതല നൽകിയിരുന്ന പട്ടാമ്പി റവന്യൂ ടവർ നിർമ്മാണത്തിൽ KSHB സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

മറുപടി: പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിന് 09.09.2021-ലെ സ.ഉ. (സാധ) നമ്പർ 3020/2021/റവ പ്രകാരം 36.58 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ നിർവഹണത്തിനായി KIIFB, റവന്യൂ വകുപ്പ്, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച ശേഷം KIIFB ആദ്യം 25.45 കോടി രൂപയുടെ നിബന്ധനാപൂർവമായ ധനാനുമതിയും, തുടർന്ന് വിശദമായ ഡ്രോയിങ്ങുകളും എസ്റ്റിമേറ്റുകളും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 34,64,72,916/-രൂപയുടെ പുതുക്കിയ ധനാനുമതിയും ലഭ്യമാക്കി. ആവശ്യമായ പരിശോധനകൾക്കുശേഷം KSHB 34,54,72,597/- രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

പ്രവൃത്തിക്കായി 31.01.2026-ന് ഇ-ടെൻഡർ ക്ഷണിയ്ക്കുകയും, സാങ്കേതിക ബിഡ് 28.02.2026-ന് തുറക്കുകയും ചെയ്തു . ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ച L1 ബിഡ്ഡർ നൽകിയ നിരക്ക് PAC-യേക്കാൾ 8.16% കുറവാണ്. തൊഴിൽ സഹകരണ സംഘങ്ങൾക്ക് സ.ഉ(കൈ) നം. 135/97/co-op ലെ Clause 8 (b) (i) പ്രകാരം അനുവദനീയമായ10% ടെൻഡർ നിരക്ക് മുൻഗണന പരിഗണിച്ച്, L5 ബിഡ്ഡർ ആയിരുന്ന, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS)യോട് നിരക്ക് കുറയ്ക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് അവർ സമർപ്പിച്ച പുതുക്കിയ നിരക്ക് PAC-യേക്കാൾ 1.10% കുറവാണ്. എന്നിരുന്നാലും, ULCCS-ന്റെ പുതുക്കിയ നിരക്കും L1 ബിഡ്ഡറുടെ നിരക്കും തമ്മിൽ 7.68 % വ്യത്യാസമുള്ളതിനാൽ, ULCCS-ന് പ്രവൃത്തി അനുവദിക്കുന്നപക്ഷം L1 നിരക്കിനെ അപേക്ഷിച്ച് 2,06,60,114.36 രൂപ അധിക ചെലവ് വരുന്നതാണ്.

പദ്ധതി KIIFB ധനസഹായത്തോടെ നടപ്പാക്കുന്നതായതിനാൽ, പ്രവൃത്തി LOA നൽകുന്നത് സംബന്ധിച്ച തിരുമാനത്തിനായി വിഷയം, KIIFB-യുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, പ്രവർത്തിയുടെ വർക്ക് ഓർഡർ ഇഷ്യൂ ചെയ്യുന്നതിനെ സംബന്ധിച്ച്, റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടി അത് KIIFB-യെ അറിയിക്കണമെന്നും, തുടർന്ന് LOA നൽകുന്നതിനുള്ള പ്രത്യേക അനുമതി നേടണമെന്നുമുള്ള KIIFB യുടെ നിർദ്ദേശപ്രകാരം, KSHB, റവന്യൂവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

ആയത് റവന്യൂവകുപ്പ് പരിശോധിച്ചുവരുന്നു. റവന്യൂ വകുപ്പിന്റെ അഭിപ്രായവും, KIIFB യുടെ പ്രത്യേക അനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് വർക്ക് ഓർഡർ നൽകി നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാവുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിനുള്ള കാരണം എന്താണെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ